## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.716 27.04.2017 ന് മറുപടിയ്ക്ക്.

### കാസർഗോഡ് ജില്ലയിലെ കാട്ടാന ശല്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കാട്ടാന ശല്യം നിയന്ത്രിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br><br>(ബി) ഈ തുക ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ കാട്ടാനശല്യം നിയന്ത്രിക്കുന്ന പ്രവർത്തികൾക്കായി റാപിഡ് റെസ്പോൺസ് ടീമിന് ഉദുമ മണ്ഡലത്തിൽ 20,534/- രൂപയും, കാസർഗോഡ് മണ്ഡലത്തിൽ 76,743/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുവേണ്ടി ഉദുമ മണ്ഡലത്തിൽ 192.96 ലക്ഷം രൂപയും, കാഞ്ഞങ്ങാട് മണ്ഡലത്തിൽ 329.77 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം നടന്നു വരുന്നു. |
| (സി) കാട്ടാനകളുടെ കടന്നാക്രമണം മൂലം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷിക്കാർക്കുണ്ടായ നാശനഷ്ടം എത്രയാണെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത കൃഷിക്കാർക്കുള്ള നഷ്ട പരിഹാര തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) കാട്ടാനകളുടെ കടന്നാക്രമണം മൂലം കൃഷിനാശം സംഭവിച്ചതിന് കാസർഗോഡ് മേഖലയിൽ താഴെ പറയും പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br>1. കാഞ്ഞങ്ങാട് മണ്ഡലം - 1,51,300/- രൂപ (9 അപേക്ഷകൾ)<br>2. ഉദുമ മണ്ഡലം - 1,94,142/- രൂപ (17 അപേക്ഷകൾ)<br>3. കാസർഗോഡ് മണ്ഡലം - 19,525/- രൂപ (1 അപേക്ഷ) |

സെക്ഷൻ ഓഫീസർ